ഹദീസ്

കെ.സി ജലീൽ പുളിക്കൽ

# നമസ്കാരത്തിന് പള്ളി അനിവാര്യമല്ലെന്നോ?

عَنْ أَبِي هُرَيْرَةَ، أَنَّ رَسُولَ اللَّهِ صلى الله عليه وسلم قَالَ : وَالَّذِي نَفْسِي بِيَدِهِ لَقَدْ هَمَمْتُ أَنْ آمُرَ بِحَطَبٍ فَيُحْطَبَ ثُمَّ آمُرَ بِالصَّلاَةِ فَيُؤَذَّنَ لَهَا ثُمَّ آمُرَ رَجُلاً فَيَؤُمَّ النَّاسَ ثُمَّ أُخَالِفَ إِلَى رِجَالٍ لاَ يَشْهَدُونَ الصَّلاَةَ فَأُحَرِّقَ عَلَيْهِمْ بُيُوتَهُمْ (متفق عليه)

**അബൂഹുറയ്റ(റ)യിൽനിന്ന് നിവേദനം: നബി(സ) പറഞ്ഞു: "എന്റെ ആത്മാവിന്റെ അധിപനാണ, കുറേ വിറകുണ്ടാക്കാൻ കൽപിക്കുക, അത് സജ്ജമാക്കിയ ശേഷം നമസ്കരിക്കാനും ബാങ്ക് കൊടുക്കാനും കൽപന കൊടുക്കുക, പിന്നെ ഒരാളെ എനിക്കു പകരം ഇമാമാക്കി നിശ്ചയിക്കുക, എന്നിട്ട് ഞാൻ പള്ളിയിൽ നമസ്കാരത്തിനെത്താത്തവരുടെ വീടുകളിലെത്തി അവരെയും വീടുകളെയും ചുട്ടെരിക്കുക - ഇങ്ങനെ ചെയ്താലോ എന്ന് ഞാൻ ചിന്തിച്ചുപോയി" (ബുഖാരി, മുസ്ലിം).**

സംഘടിത നമസ്കാരത്തിന് പള്ളിയിൽ പോകാൻ മടിച്ചുനിൽക്കുന്നവർക്കുള്ള കടുത്ത താക്കീതാണ് ഈ നബിവചനം. ഒരു ഉറുമ്പിനെപോലും ഉപദ്രവിക്കാത്ത ദയാലുവും വിട്ടുവീഴ്ചയുടെയും സൗമ്യതയുടെയും പര്യായവുമായ പ്രവാചകൻ ഇത്രയേറെ രോഷാകുലനാകാൻ എന്താണ് കാരണം? അല്ലാഹുവിന്റെ സൃഷ്ടികളും ദാസന്മാരുമായ, അവന് വഴിപ്പെട്ടുകൊള്ളാമെന്ന് പ്രഖ്യാപിച്ച മുസ്ലിംകളെ അല്ലാഹു തന്റെ ഭവനത്തിലേക്ക് വിളിക്കുമ്പോൾ അത് അവഗണിച്ച് സ്വന്തം ഭവനങ്ങളിലിരിക്കുകയാണെങ്കിൽ അത് അവരെയും അവരുടെ വീടിനെയും ഒന്നിച്ച് ചുട്ടുഭസ്മമാക്കാൻ പോന്ന ധിക്കാരമാണ് എന്നർഥം.

ഒരു തമാശ ഓർമ വരികയാണ്. മസ്ജിദ് തകർത്ത കേസുമായി ബന്ധപ്പെട്ടാണത് കേട്ടത്. 'മുസ്ലിംകൾക്ക് നമസ്കരിക്കാൻ പള്ളി വേണ്ടതില്ല, ഭൂമി മുഴുവൻ അവർക്ക് പള്ളിയാണ്'- മസ്ജിദ് തകർത്ത് തൽസ്ഥാനത്ത് മറ്റെന്തോ പണിയുന്നതിന് ന്യായീകരണമായിട്ടാണത്രെ ഇങ്ങനെ പറയുന്നത്. ഇതേ ന്യായവാദം വെച്ച് 'ലോകമാണ് എന്റെ തറവാട്' എന്നു പറഞ്ഞ മഹാന്റെ തറവാട് പൊളിച്ചുമാറ്റി തൽസ്ഥാനത്ത് മറ്റെന്തെങ്കിലും പണിയാൻ അനുവദിക്കുമോ?

പള്ളിയോ വെള്ളമോ ഇല്ലാത്ത ഏതെങ്കിലും പ്രദേശത്ത് ഒരു മുസ്ലിം യാത്രക്കാരൻ എത്തിപ്പെടുകയും യാത്രക്കാരന് അനുവദിക്കപ്പെട്ട ഇളവിന്റെ സമയം കഴിഞ്ഞിട്ടും നമസ്കാരം നിർവഹിക്കാൻ സാധിക്കാതെ വരികയും ചെയ്താൽ അദ്ദേഹത്തിന്റെ മനഃപ്രയാസം എത്ര വലുതാകും! ഈ ഘട്ടത്തിലാണ് റസൂലിന്റെ വചനം സാന്ത്വനമായെത്തുന്നത്; 'ഭൂമി മുഴുവൻ പള്ളിയും ഭൂമിയുടെ ഉപരിതലത്തിലുള്ള നല്ല വസ്തുക്കൾ ശുദ്ധീകരണയോഗ്യവുമാണ്.' ഇതനുസരിച്ച് അംഗസ്നാനം വരുത്താതെ, പള്ളിയിലല്ലാതെ, അല്ലാഹു നൽകിയ വിട്ടുവീഴ്ചയിൽ സംതൃപ്തനായി, കർമം നിർവഹിച്ചു സംതൃപ്തിയടയുന്നു. ഇവിടെ ശുദ്ധീകരണത്തിന് വെള്ളമില്ലാതെ നൽകിയ താൽക്കാലിക ഇളവ് സ്ഥിര നിയമമായിക്കണ്ട് അംഗസ്നാനത്തിന് ഏർപ്പെടുത്തിയ സംവിധാനങ്ങൾ വേണ്ടതില്ലെന്ന് പറഞ്ഞു അവയൊക്കെ തകർക്കാൻ പറ്റുമോ? അതിനാൽ പള്ളിയെ സംബന്ധിച്ച മേൽപറഞ്ഞ പരാമർശം എത്ര ബാലിശം! നമ്മുടെ മുന്നിലുള്ള ഈ നബിവചനം മാത്രം മതി നമസ്കാരത്തിന് പള്ളിയുടെ അനിവാര്യത മനസ്സിലാക്കാൻ.

എന്നാൽ ഇതിന് ഉപോദ്ബലകമായി ചരിത്രത്തിലേക്ക് ഒരെത്തിനോട്ടം കൂടി വേണ്ടതുണ്ട്. മനുഷ്യാരംഭത്തോടെ മസ്ജിദിനും ആരംഭം കുറിച്ചിട്ടുണ്ടെന്നാണ് ഖുർആൻ ഭാഷ്യം. "മനുഷ്യർക്കു വേണ്ടി ആദ്യമായി നിശ്ചയിക്കപ്പെട്ട ദിവ്യഭവനം മക്കയിലുള്ള ദേവാലയം തന്നെയാണ്" (*ആലുഇംറാൻ* 96).

ആദ്യ മനുഷ്യനെ ഭൂമുഖത്തേക്കയക്കുമ്പോൾ തന്നെ ഭൂമിയുടെ കേന്ദ്രവും മനുഷ്യർക്കുള്ള പ്രഥമ ദേവാലയവുമായ കഅ്ബയുടെ തറക്കല്ലിടലും നടന്നിരുന്നെന്ന് ചുരുക്കം.

നദീതീരങ്ങളിലാണല്ലോ മനുഷ്യൻ ആദ്യമായി സമൂഹമായി വളർന്നുവന്നത്. അവിടങ്ങളിൽ പ്രവാചകന്മാർ നിയോഗിതരാവുകയും ആരാധനാലയങ്ങൾ സ്ഥാപിതമാവുകയും നിലനിൽക്കുകയും ചെയ്തിരുന്നു എന്ന് ചരിത്ര പഠനങ്ങളിൽനിന്ന് വ്യക്തമാണ്.

ഇബ്റാഹീം (അ) ആണ്, അല്ലാഹുവിന്റെ ഉത്തരവനുസരിച്ച് അല്ലാഹു നിർണയിച്ച ഇടത്ത് കഅ്ബ പടുത്തുയർത്തുന്നത്. ഇതോടെ ലോകത്തുണ്ടായതും അന്ത്യനാൾ വരെ ഉണ്ടാകുന്നതുമായ മുഴുവൻ മസ്ജിദുകളുടെയും കേന്ദ്രം കഅ്ബയായിത്തീർന്നു. ഭൂഗോളത്തിന്റെ ഏതു മൂലയിലും എത്ര ചെറിയ മസ്ജിദ് നിർമിക്കുകയാണെങ്കിലും കഅ്ബയുടെ നേരെ തിരിഞ്ഞുനിൽക്കുംവിധം നിർമിക്കണം. ഏതു ഭാഗത്തുനിന്നും ഹജ്ജിനെത്തേണ്ടതും കഅ്ബാ പരിസരത്തു തന്നെ. ഇബ്റാഹീം നബി(അ)ക്കു ശേഷം പിൽക്കാലത്ത് ഫലസ്ത്വീൻ കേന്ദ്രമായി ദാവൂദ് (അ) ഇസ്ലാമിക രാഷ്ട്രം സ്ഥാപിച്ചതിൽ പിന്നെയാണ് ബൈത്തുൽ മഖ്ദിസ് ഇടക്കാല ഉപകേന്ദ്രമായത്.

മനുഷ്യൻ ആഗോളതലത്തിൽ ഒരേക സമൂഹമായ ശേഷം ആഗോള പ്രവാചകനായി അന്ത്യപ്രവാചകൻ മുഹമ്മദ് (സ) നിയോഗിതനായതോടെ ഏക കേന്ദ്രം കഅ്ബയായി. ലോകത്തുള്ള മുഴുവൻ മസ്ജിദുകളും അതിന്റെ ശാഖകളും എല്ലാം 'ബൈത്തുല്ലാഹ്' ആണ്, അഥവാ ദൈവത്തിന്റെ ഭവനം. ദൈവഭവനത്തിലെത്തി വേണം ദൈവത്തിനുള്ള നമസ്കാരം നിർവഹിക്കാൻ. ദൈവഭവനത്തിൽ നമസ്കാരത്തിനെത്താത്തവർക്കുള്ള ശക്തമായ താക്കീതാണ് ഈ നബിവചനം.